# സാമൂഹിക പ്രത്യാഘാത പഠനം

## പട്ടാമ്പി പാലം നിർമ്മാണം

അധിക ഭൂമി ഏറ്റെടുക്കൽ (വിട്ടുപോയ സർവ്വേനമ്പർ
ഉൾപ്പെടുത്തുന്നതിന് വേണ്ടി)

**തൃത്താല വില്ലേജ്, പട്ടാമ്പി താലൂക്ക്**
**പാലക്കാട് ജില്ല**
**0.0160 ഹെക്ടർ**

**കരട് റിപ്പോർട്ട്**
**തീയതി : 07/04/2025**

റിക്വസിഷൻ അധികാരി
**കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി)**

**കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്**
**കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002**
**ഫോൺ : 0481 2572781, 2573875**
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

# പട്ടാമ്പി പാലം നിർമ്മാണം

## അധിക ഭൂമി ഏറ്റെടുക്കൽ (വിട്ടുപോയ സർവ്വേനമ്പർ ഉൾപ്പെടുത്തുന്നതിന് വേണ്ടി)

**തൃത്താല വില്ലേജ്, പട്ടാമ്പി താലൂക്ക്**
**പാലക്കാട് ജില്ല**
**0.0160 ഹെക്ടർ**

### ആമുഖം

പട്ടാമ്പി - പൊന്നാനി ( പാലക്കാട് - പൊന്നാനി) സംസ്ഥാന പാതയിലുള്ള പട്ടാമ്പി കോസ്‌വേ പാലം കഴിഞ്ഞ കാലങ്ങളിലെ വെള്ളപ്പൊക്കത്തിൽ ബലക്ഷയം നേരിടുകയും, നിർബന്ധിത പുനർ നിർമ്മാണം, സാങ്കേതിക വിദഗ്ദ്ധർ നിർദ്ദേശിക്കുകയും ചെയ്ത പ്രധാന പൊതുമരാമത്ത് പാലമാണ്. ഭാരതപ്പുഴയിലെ വെള്ളപ്പൊക്കത്തിൽ ദിവസങ്ങളോളം ഗതാഗതം തടസ്സപ്പെടുന്ന പട്ടാമ്പി പാലം, പുനർ നിർമ്മിച്ച്, വെള്ളപ്പൊക്കത്തെ അതിജീവിക്കുന്ന തരത്തിൽ രൂപപ്പെടുത്തണം എന്ന് അനേകം വർഷങ്ങളായി ജനങ്ങൾ ആവശ്യപ്പെടുകയാണ്. പ്രസ്തുത പൊതുതാൽപ്പര്യത്തിന് അനുസൃതമായി, ഞങ്ങാട്ടിരി കടവിൽ നിന്നും ആരംഭിച്ച്, റെയിൽവേ മേൽപ്പാല ജംഗ്ഷനിൽ എത്തും വിധം പുതിയ പാലം രൂപകൽപ്പന നടത്തി, സാങ്കേതിക അനുമതികൾ ലഭ്യമാക്കി പദ്ധതി നിർമ്മാണ ഘട്ടത്തിൽ എത്തപ്പെട്ടത്. പദ്ധതിക്ക് ആവശ്യമായ ഭൂമി 43.33 ആർ 2024 ജൂൺ 12-ാം തീയതിയിലെ 4(1) വിജ്ഞാപന പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനത്തിന് വിധേയമാക്കുകയും, അന്തിമ റിപ്പോർട്ട് സമർപ്പിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്. മേൽപ്പറഞ്ഞ 4(1) വിജ്ഞാപനത്തിൽ ഉൾപ്പെടാത്തതും എന്നാൽ പദ്ധതിക്ക് ആവശ്യമായതുമായ 295/6 ബി സർവ്വേ നമ്പരിലുള്ള ഭൂമിയും കൂടി ഏറ്റെടുക്കുന്നതിന് പ്രസ്തുത ഭൂമിയിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് ബഹുമാനപ്പെട്ട സർക്കാർ 2025 മാർച്ച് 18 ന് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ ഭാഗമായി നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ റിപ്പോർട്ടാണ് ഇത്.

### പദ്ധതി പ്രദേശവും പദ്ധതി ഭൂമിയും

പട്ടാമ്പി - പൊന്നാനി സംസ്ഥാന പാതയുടെയും, പഴയ പുഴപ്പാലത്തിന്റെയും ഇടയിലായി സ്ഥിതി ചെയ്യുന്ന 295/6 ബി എന്ന സർവ്വേ നമ്പരിൽ ഉള്ള സ്ഥലം പട്ടാമ്പി പാലം നിർമ്മാണത്തിന് വേണ്ടി ഏറ്റെടുക്കുന്നതിന് ബഹുമാനപ്പെട്ട സർക്കാർ 2025 മാർച്ച് 18 -ാം തീയതി നമ്പർ 1025 ആയി ഭൂമി ഏറ്റെടുക്കൽ നിയമം 4(1) വിജ്ഞാപനം പുറപ്പെടുവിക്കുയും, ആയതിന്റെ ഭാഗമായി പദ്ധതി പ്രദേശത്ത് 2025 ഏപ്രിൽ 8, 9 തീയതികളിൽ സാമൂഹ്യ പ്രത്യാഘാത പഠന സംബന്ധമായ സോഷ്യൽ സർവ്വേ നടത്തപ്പെടുകയും ഉണ്ടായി. പ്രസ്തുത പഠനത്തിൽ താഴെപ്പറയുന്ന കണ്ടെത്തലുകൾ നടത്തുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

| | |
|---|---|
| പദ്ധതി ഭൂമിയുടെ ഉടമസ്ഥൻ | റ്റി. മൊയ്തൂട്ടി,<br>തടത്തിലകത്ത് വീട്,<br>ഞങ്ങാട്ടിരി |
| സർവ്വേ നമ്പർ | 295/ 6 ബി |
| പദ്ധതി ഭൂമിയുടെ സ്വഭാവം | വാണിജ്യ പ്രധാനം, കരഭൂമി |
| പദ്ധതി ഭൂമിയിലെ ജല ലഭ്യത | ജല ലഭ്യത ഉള്ളത് |
| പദ്ധതി ഭൂമിയുടെ ഗതാഗത സൗകര്യം | ഗതാഗത സൗകര്യം ഉള്ളത് |
| പദ്ധതി ഭൂമിയിലെ ചമയങ്ങൾ | വാണിജ്യ പ്രധാനമായ താൽക്കാലിക ഷെഡ് |

**ഭൂമി ഏറ്റെടുക്കൽ അധികാരി**

സ്പെഷ്യൽ തഹസിൽദാർ എൽ.എ(കിഫ്ബി), മിനി സിവിൽസ്റ്റേഷൻ, ആലത്തൂർ ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

**കെ.ആർ.എഫ്.ബി (കേരള റോഡ് ഫണ്ട് ബോർഡ്)**

സംസ്ഥാനത്തെ യാത്രാ സൗകര്യ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സർക്കാർ 2001 ൽ രൂപീകരിച്ച ഫണ്ടിങ്ങ് ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കേരളത്തിന്റെ പൊതുവായ അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരള പി.ഡബ്ള്യു.ഡി യുടെ മൂലധന നിർവ്വഹണത്തിനായി തൊഴിൽപരവും നിയമാനുസൃതവുമായ ഒരു സംഘത്തിന്റെ ആവശ്യകതയാണ് കെ.ആർ.എഫ്.ബി യുടെ രൂപീകരണത്തിന് പിന്നിൽ ഉള്ളത്. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത തുകയിൽ ശരിയായ പരിശോധന നടത്തി കണ്ടെത്തുകയും അവയെ സ്വരൂപിച്ച് റോഡിന്റെ വികസനത്തിനും സംരക്ഷണത്തിനും അതുമായി ബന്ധപ്പെട്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി വിനിയോഗിക്കുക എന്നതാണ് കെ,ആർ.എഫ്,ബി യുടെ പ്രധാന ചുമതല.

- സ്വകാര്യ പങ്കാളിത്ത സഹകരണത്തോടെ ബഡ്ജറ്റിൽ പരാമർശിക്കാത്ത തുക സംഭരിക്കുന്ന കെ.ആർ.എഫ്.ബി യുടെ വികസന പരിപാടികളിൽ ചിലതാണ്.
- റോഡ് വികസനത്തിനുള്ള തുക ശരിയായ വിധത്തിൽ തന്നെ ഉപയോഗിക്കപ്പെടുന്നു എന്നും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു എന്നും പരിശോധിക്കുക,

KERALA VHS COLLEGE P.O. MULLANKUZHY KOTTAYAM-2

- അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
- നൂതന റോഡ് പദ്ധതികളുടെ സാധ്യതാ പഠനം നടത്തുക.
- ആവശ്യ സ്ഥലങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കുക.
- റോഡ് സുരക്ഷ പദ്ധതികൾ നടപ്പാക്കുകയും സുരക്ഷിതവും സുഗമവുമായ വാഹന ഗതാഗതം നടപ്പാക്കുവാൻ സംഘടിത പ്രചാരണം നടത്തുകയും ചെയ്യുക.
- റോഡ് പരിപാലന വികസനവുമായി ബന്ധപ്പെട്ട പഠനങ്ങൾക്കുള്ള ധനസഹായം.
- പി.ഡബ്ല്യു.ഡി പരിപാലിക്കുന്ന റോഡുകളുടെ നവീകരണമടക്കം ഇപ്പോൾ നിലവിലുള്ള റോഡ് നെറ്റ് വർക്ക് സിസ്റ്റം വികസിപ്പിക്കുക.
- നടത്തിപ്പിനാവശ്യമുള്ള തുക കടം വാങ്ങി സ്വരൂപിക്കുക.

ശാസ്ത്രീയ പഠനത്തിലൂടെ കേരളത്തിലെ റോഡുകൾക്ക് ഫലവത്തായ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുവാൻ സഹായിക്കുന്ന ഒരു ഏജൻസിയാണ് തങ്ങളെന്ന് കെ.ആർ.എഫ്.ബി വിലയിരുത്തുന്നു. അതുപോലെ അപകട സാധ്യതാ സ്ഥലങ്ങളിൽ കൂടുതൽ ശക്തമായ മുൻകരുതലുകൾ എടുത്ത് വാഹനാപകടങ്ങളും അത്യാഹിതങ്ങളും കുറയ്ക്കുവാനും പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുവാനും വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.

കേരളത്തിലെ ഗതാഗത വികസന പദ്ധതികളിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിലൂടെ സുരക്ഷയാർന്ന റോഡുകൾ എന്ന ലക്ഷ്യത്തിലെത്തുക എന്ന വീക്ഷണത്തിൽ ഗതാഗത സൗകര്യ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഫണ്ടിങ് ഏജൻസി എന്നുള്ള പ്രവർത്തനത്തോടൊപ്പം എല്ലാ യാത്രക്കാരേയും നല്ല യാത്രാ ശീലങ്ങൾ ആവർത്തിച്ച് പഠിപ്പിച്ച് റോഡിലെ സുരക്ഷിതത്വം കൂടുതൽ ഉയർത്തുവാൻ ശ്രമിക്കുകയും ചെയ്യും എന്ന ദൗത്യം നിർവഹിക്കുക എന്നതാണ് കെ.ആർ.എഫ്.ബി യുടെ മറ്റൊരു പ്രധാന ചുമതല.

**പദ്ധതി ബാധിതരുടെ വിവരങ്ങൾ**

ബാധിക്കപ്പെടുന്നതും സ്വന്തം ഉടമസ്ഥതയിലുള്ളതുമായ കെട്ടിടത്തിൽ വ്യാപാരം നടത്തുന്ന പദ്ധതി ബാധിതൻ ഇടത്തരം സാമ്പത്തിക സ്ഥിതിയുള്ള കുടുംബത്തിലെ അംഗവും പത്താംതരം വിദ്യാഭ്യാസ യോഗ്യതയും മുസ്ലീം മതവിശ്വാസിയുമാണ്. പദ്ധതി പ്രദേശത്ത് നിന്നും അകലെയായി താമസിക്കുന്ന പദ്ധതി ബാധിതന് ബാധിക്കപ്പെടുന്ന വസ്തു പാരമ്പര്യ സ്വത്തായി ലഭ്യമായതാണ്. ബാധിക്കപ്പെടുന്ന കെട്ടിടത്തിലെ സ്വയം വ്യാപാരവും മറ്റ് മൂന്ന് മുറികളുടെ വാടകയും ആണ് മുഖ്യ കുടുംബ വരുമാനം. ഭൂ ഉടമസ്ഥനായ പദ്ധതിബാധിതന് പുറമെ ഭൂ ഉടമസ്ഥരല്ലാത്ത മൂന്ന് പദ്ധതി ബാധിതരും ഉണ്ട്.

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

**സാമൂഹിക പ്രത്യാഘാതം**

പട്ടാമ്പി - പൊന്നാനി റോഡിന് അഭിമുഖമായി സ്ഥിതി ചെയ്യുന്ന പദ്ധതി ബാധിതന്റെ വാണിജ്യ കെട്ടിടത്തിന്റെ പുറക് വശത്ത് താൽക്കാലിക അടിസ്ഥാനത്തിൽ നിർമ്മിച്ച ഷെഡ്, വാണിജ്യ കെട്ടിടം എന്നിവയാണ് ബാധിക്കപ്പെടുന്ന ചമയങ്ങൾ. കൂടാതെ ഉദ്ദേശം 4 സെന്റ് ഭൂമിയും പദ്ധതി ബാധിതന് നഷ്ടപ്പെടുന്നു. മൂന്ന് വാണിജ്യ സ്ഥാപനങ്ങൾ നടക്കുന്ന നാല് കടമുറികളും, വാണിജ്യ കെട്ടിടത്തിന് പുറകിൽ തയ്യാറാക്കിയ താൽക്കാലിക ഷെഡും നഷ്ടപ്പെടുന്നു. നാല് വാണിജ്യ സ്ഥാപനങ്ങൾ (ഒന്ന് ഉടമസ്ഥൻ തന്നെ നടത്തുന്നത്) പദ്ധതി ബാധിതമാണ്. ബാധിക്കപ്പെടുന്ന ഭൂഉടമസ്ഥർ അല്ലാത്ത പദ്ധതി ബാധിതർ കുടിയൊഴിപ്പിക്കപ്പെടുവാനും വ്യാപാര - തൊഴിൽ നഷ്ടം നേരിടാനും സാധ്യത ഉണ്ട്.

**സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

വ്യാപാര- തൊഴിൽ നഷ്ടം മാത്രമാണ് സംഭവിക്കുന്നത് എന്നതിനാൽ പ്രത്യാഘാതം ലഘുതരം എന്ന് കാണാവുന്നതാണ്. എന്നാൽ ഭൂമി നഷ്ടം, വ്യാപാര സ്ഥാപന നഷ്ടം, വാടക ലഭ്യമായിക്കൊണ്ടിരുന്ന കടമുറികളുടെ നഷ്ടം എന്നിവ കണക്കാക്കുമ്പോൾ പദ്ധതി ബാധിതനായ ഭൂഉടമയ്ക്ക് ഉണ്ടാവുന്ന നഷ്ടം വളരെ കൂടുതലാണ് എന്ന് കാണാവുന്നതാണ്. വാണിജ്യ പ്രധാനമായ ഭൂമി, വരുമാന മാർഗ്ഗം എന്നിവ നഷ്ടപ്പെടുന്നത് ഭൂഉടമസ്ഥന്റെ സാമ്പത്തിക സുസ്ഥിരതയെ ബാധിക്കുവാൻ സാധ്യത ഉണ്ട്. അതുകൊണ്ട് തന്നെ ന്യായമായ നഷ്ട പരിഹാരം, ശേഷിക്കുന്ന ഭൂമിയിലെ ചമയങ്ങൾ നിലനിർത്താൻ ഇളവുകൾ, ഭൂമി ഉപയോഗ ശൂന്യമായി തീരുന്നുവെങ്കിൽ ഉള്ള ഏറ്റെടുപ്പ് എന്നിവ പ്രത്യാഘാത ലഘൂകരണ സാധ്യതകളായി കണക്കാക്കാവുന്നതാണ്.

എന്നാൽ പദ്ധതി അതിന്റെ നിർമ്മാണ ഘട്ടത്തിൽ ആണ് എന്നതും, പദ്ധതിക്ക് വേണ്ടി ആവശ്യമായ മറ്റ് ഭൂമികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തീകരിച്ചു എന്നതും പരിഗണിക്കുമ്പോൾ , ബദൽ നിർദ്ദേശങ്ങൾ പ്രായോഗികമല്ല. കൂടാതെ പദ്ധതിയുടെ പൊതുതാൽപ്പര്യം, രൂപപ്പെടുന്ന പ്രത്യാഘാതത്തെക്കാൾ വളരെ കൂടുതലാണ് എന്നതും ഉണ്ടാവുന്ന പ്രത്യാഘാതം, പുനരധിവാസ- പുനർവാസ നടപടികളിലൂടെ പൂർണ്ണമായോ അല്ലെങ്കിൽ വളരെ കൂടുതലായോ കുറയ്ക്കാൻ കഴിയും.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, തുടർന്ന് സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടുകളിലൂടെ ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്", എന്നാണ്.

**<u>കുറിപ്പ്</u>**

പദ്ധതിബാധിതൻ പട്ടാമ്പി പാലം പദ്ധതി സംബന്ധമായി ഡി.സി.പി.കെ.ഡി/12081/2022 - സി1 തീയതി 07/05/2024 ആയി പുറത്തിറക്കിയ നമ്പർ 1847 തീയതി 2024 ജൂൺ 12 4(1) വിജ്ഞാപന പ്രകാരം നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠനത്തിലും അതിന്റെ ഭാഗമായി

KERALA SHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

പട്ടാമ്പി താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ നടത്തിയ പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ പങ്കെടുക്കയും ഉണ്ടായി. കൂടാതെ 2025 മാർച്ച് 18-ാം തീയതി പുറപ്പെടുവിച്ച ഡി.സി.പി.കെ.ഡി/12081/2022 സി1 തീയതി 17/03/2025 വിജ്ഞാപന പ്രകാരം നടത്തിയ പ്രത്യാഘാത പഠനത്തിൽ പങ്കെടുക്കയും ഉണ്ടായി. തന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പദ്ധതി ബാധിതന് അഭിപ്രായങ്ങളും, പരാതികളും നിർദ്ദേശങ്ങളും രേഖപ്പെടുത്താൻ ഈ അവസരങ്ങൾ എല്ലാം ലഭ്യമായിട്ടുള്ളതിനാലും, ഭൂമി ഏറ്റെടുക്കൽ സംബന്ധമായി തനിക്ക് ന്യായമായ നഷ്ട പരിഹാരം ലഭ്യമാക്കണമെന്നും തന്റെ ശേഷിക്കുന്ന ഭൂമിയിൽ ഇപ്പോഴുള്ള കെട്ടിടത്തിന്റെ ബാധിക്കുന്ന ഭാഗം ഒഴിച്ചുള്ളത് സംരക്ഷിച്ച് നിലനിർത്താൻ അനുവാദം നൽകണമെന്നും ഉള്ള അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നതിനാലും ഈ റിപ്പോർട്ട് അന്തിമ റിപ്പോർട്ടായി കണക്കാക്കണം എന്ന് താൽപര്യപ്പെടുന്നു.

**സാജു വി. ഇട്ടി**
**ചെയർമാൻ**
**സാമൂഹ്യ പ്രത്യാഘാത യൂണീറ്റ്**

**<u>അനുബന്ധരേഖകൾ</u>**

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **ഗസറ്റ് നോട്ടിഫിക്കേഷൻ**

KERALA V H S ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

പട്ടാമ്പി പാലം നിർമ്മാണം - അധിക ഭൂമി ഏറ്റെടുക്കൽ (വിട്ടുപോയ സർവ്വേനമ്പർ ഉൾപ്പെടുത്തുന്നതിന് വേണ്ടി)

തൃത്താല വില്ലേജ്, പട്ടാമ്പി താലൂക്ക്, പാലക്കാട് ജില്ല

(0.0161 ഹെക്ടർ)

ഭൂമിയിലോ, ചമയങ്ങളിലോ ഉടമസ്ഥാവകാശമുള്ള പദ്ധതി ബാധിതർ

തൃത്താല വില്ലേജ്


| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 295/6ബി | റ്റി.മൊയ്തൂട്ടി<br>S/O ഖാദർഹാജി<br>തടത്തിലകത്ത് ഹൗസ്,<br>ഞങ്ങാട്ടിരി പി.ഒ.<br>പട്ടാമ്പി. —- 679 303 | 9846839848 | കടമുറികൾ |


ഭൂഉടമസ്ഥരല്ലാത്ത പദ്ധതി ബാധിതർ


| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|
| 1 | അഷറഫ്<br>എലിക്കോട്ടിൽ, നെല്ലിക്കാട്ടിരി പി.ഒ. | 9745818101 | വർക്ക് ഷോപ്പ് ഭാഗികം |
| 2 | മുഹമ്മദ്<br>കുണ്ടിൽ പീടികയിൽ,<br>ഞങ്ങാട്ടിരി പി.ഒ. | 9846813504 | ചായകട. പലചരക്ക് കട ഭാഗികം |
| 3 | അഷറഫ് അലി<br>കൊപ്പത്ത് പാറമ്മൽ വീട്<br>മദ്രസയ്ക്ക് സമീപം, മേലേ<br>പട്ടാമ്പി, മേലേ പട്ടാമ്പി — 679 306 | 9846645834 | കട ഭാഗികം |

KERALA V H S ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

# ഫോട്ടോഗ്രാഫ്സ്
















KERALA V H S
MULLANKUZHY

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2025 മാർച്ച് 18<br>18th March 2025<br>1200 മീനം 4<br>4th Meenam 1200<br>1946 ഫാൽഗുനം 27<br>27th Phalguna 1946 | നമ്പർ<br>No. 1025 |

ഫോറം നം 4

ചട്ടം 11(3) കാണുക

വിജ്ഞാപനം

DCPKD/12081/2022-C1 17-03-2025

പാലക്കാട് ജില്ലയിൽ ,പട്ടാമ്പി താലൂക്ക് പട്ടാമ്പി , തൃത്താല വില്ലേജുകളിൽ നിന്നായി 45.33 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനായി കേരള സർക്കാരിന്റെ 21/07/2023 തിയതിയിലെ GO(Rt) No.2676/2023/RD ഉത്തരവ് പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനുമുള്ള അവകാശ ആക്ട് ( 2013 ലെ കേന്ദ്ര ആക്ട് നമ്പർ 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുവാൻ പാലക്കാട് കിഫ്ബി സ്പെഷ്യൽ തഹസിൽദാറെ നിയമിച്ച് ഉത്തരവായിട്ടുള്ളതും, 12/06/2024 തിയതിയിലെ കേരള ഗസറ്റ് അസാധാരണ വാല്യം 13 (vol xiii )–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ 1847 പ്രസിദ്ധീകരണ പ്രകാരം 4(1) നോട്ടിഫിക്കേഷൻ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട് നമ്പർ 30) വകുപ്പ് 4 , ഉപവകുപ്പ് 1 ലെ വ്യവസ്ഥകൾക്കനുസൃതമായി കേരള വോളന്ററി ഹെൽത്ത് സർവീസ്, മുട്ടമ്പലം കളക്ടേറ്റ് പി ഒ, കോട്ടയം എന്ന സ്ഥാപനത്തെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി നിയമിച്ചിട്ടുള്ളതും സാമൂഹ്യപ്രത്യാഘാത പഠനം 25/08/2024 തിയതിയിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.

21/07/2023 തിയതിയിലെ GO(Rt) No.2676/2023/RD ഉത്തരവിൽ ഉൾപ്പെടാതെ വിട്ടുപോയിട്ടുള്ളതും , റവന്യൂ ബി വകുപ്പ് പ്രിൻസിപ്പിൽ സെക്രട്ടറിയിൽ നിന്നുള്ള 05/03/2025 തിയതിയിലെ റവ-ബി2/327/2022-റവ കത്ത് പ്രകാരം ഉൾപ്പെടുത്തിയതുമായ താഴെ പട്ടികയിൽ നൽകിയിട്ടുള്ള സർവേ നമ്പറിൽ നിയമം അനുശാസിക്കുന്ന രീതിയിൽ സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹ്യപ്രത്യാഘാത നിർവഹണ പദ്ധതി 45 ദിവസത്തിനകം തയാറാക്കുന്നതിനും ടി സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുന്നു.

<u>പട്ടിക</u>

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

ജില്ല -പാലക്കാട്

താലൂക്ക് :പട്ടാമ്പി

വില്ലേജ് :തൃത്താല

| ക്രമനമ്പർ | വില്ലേജ് | ബ്ലോക്ക് | സർവേ നമ്പർ | തരം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|---|
| 1 | തൃത്താല | 3 | 295/6B | തോട്ടം | 0.0160 |

<u>വിശദീകരണ കുറിപ്പ്</u>

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല . എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

a ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 19/09/2015 ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതും പ്രസ്തുത ചട്ടത്തിലെ റൂൾ 10 പ്രകാരം സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി സാമൂഹ്യ പ്രത്യാഘാത യൂണിറ്റിനെ നിയമിക്കേണ്ടതുണ്ട്. പട്ടാമ്പി മേൽപ്പാല നിർമ്മാണത്തിനായി പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലെ തൃത്താല വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുണ്ട്. മേൽ ആവശ്യം കൈവരിക്കാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

ജില്ലാ കളക്ടർ, പാലക്കാട്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.03.18 03:02:30 +05:30